(സി) വ്യവസായ യൂണിറ്റുകൾക്ക് വ്യാവസായികാവശ്യത്തിനായി വണ്ടി വാങ്ങുന്നതിനും മറ്റ് വ്യാവസായികാവശ്യങ്ങൾക്ക് പ്രധാനമായും ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും അവയുടെ നിബന്ധനകൾക്ക് വിധേയമായി ലോൺ ലഭ്യമാണ്. അതിന്റെ പലിശ പ്രോജക്ടിന്റെ ചെലവ് തുകയ്ക്കനുസരിച്ച് അത്തരം ധനകാര്യസ്ഥാപനങ്ങളാണ് നിശ്ചയിക്കുന്നത്. എന്നാൽ പുതുതായി തുടങ്ങുന്ന നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഒരു ചെറുകിട വ്യവസായ യൂണിറ്റിനെ സംബന്ധിച്ചിടത്തോളം ഈ സംരംഭം തുടങ്ങാനുള്ള പ്രോജക്ടിന് ബാങ്ക് നിഷ്കർഷിക്കുന്ന മാർജിൻമണിയുടെ 50% അല്ലെങ്കിൽ പ്രോജക്ട് ചെലവിന്റെ 20% ഇതിലേതാണോ കുറവ് അത് 2.5 ലക്ഷം രൂപയിൽ നിജപ്പെടുത്തി സീഡ് ക്യാപിറ്റൽ വായ്പ വ്യവസായ വകുപ്പ് നൽകുന്നുണ്ട്. ഇതിന്റെ വാർഷിക പലിശ 9 ശതമാനമാണ്.

അങ്കമാലി ടെൽക്കിലെ ശ്രീ. ഇമ്മാനുവലിനെ തിരിച്ചെടുക്കുവാൻ നടപടി

42 [3447] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ടെൽകിലെ അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസറായിരുന്ന ശ്രീ. ഇമ്മാനുവലിനെ തിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് ഹയർ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സർവ്വീസിലിരിക്കെ ശ്രീ. ഇമ്മാനുവൽ പിടിച്ച കളവ്കേസ് സി. സി. 1469/8 പ്രകാരം കോടതിയിലെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ വസ്തുതകളും ഇമ്മാനുവലിന്റെ പിരിച്ചുവിടലും തമ്മിലുള്ള ബന്ധവും മറ്റും പരിശോധിക്കാമോ?

ഉത്തരം

(എ) ടെൽക്ക് ലിമിറ്റഡിൽ നിന്നും പിരിച്ചുവിട്ട നടപടി പുനഃപരിശോധിക്കണമെന്ന് കാണിച്ച് ശ്രീ. കെ. വി. ഇമ്മാനുവൽ സമർപ്പിച്ച അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

43 [3448] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, പനയ്ക്കാട്, നൻമണ്ട പഞ്ചായത്തുകളിൽ എത്ര ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly